പാഠം 7 ഫെബ്രുവരി 10–16

# ദൈവത്തോടുള്ള വിശ്വസ്തത

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിന്: ലൂക്കൊ. 16:10; ലേവ്യ. 27:30; ഉല്പ. 22: 1–2; എബ്രാ. 12:2; ലൂക്കൊ. 11:42; എബ്രാ. 7:2–10; നെഹ. 13.**

**മനഃപാഠവാക്യം: "നല്ല മണ്ണിലുള്ളതോ വചനം കേട്ടു ഗുണമുള്ള നല്ല ഹൃദയത്തിൽ സംഗ്രഹിച്ചു ക്ഷമയോടെ ഫലം കൊടുക്കുന്നവർ തന്നെ" (ലൂക്കൊ. 8:15).**

അത്മാർത്ഥതയുള്ള ഹൃദയം എന്നാൽ എന്ത്? അതെങ്ങനെ തിരിച്ചറിയാം? സമകാലീക സംസ്കാരം ആത്മാർത്ഥതയെ പലപ്പോഴും വീക്ഷിക്കുന്നത് അസ്ഥിരവും ആപേക്ഷികവുമായ ഒരു ധർമ്മശാസ്ത്രമായിട്ടാണ്. പലരും പല സന്ദർഭങ്ങളിലും ആത്മാർത്ഥതയില്ലാത്തവരാണെങ്കിലും ചെറിയ കാര്യങ്ങളിൽ അതിനു പരിഗണന കൊടുക്കാറുണ്ട്. ചില സാഹചര്യങ്ങളിൽ ആത്മാർത്ഥതയില്ലായ്മ നീതീകരിക്കാവുന്നതാണ് എന്ന് അവർ അവകാശപ്പെടുന്നുമുണ്ട്.

സത്യവും ആത്മാർത്ഥതയും എല്ലായ്പ്പോഴും ഒരുമിച്ചുപോകുന്നു. നാം ആത്മാർത്ഥതയ്ക്കായുള്ള പ്രവണതയുമായിട്ടല്ല ജനിക്കുന്നത്. നാം വളർത്തിയെടുക്കേണ്ട ഒരു സാന്മാർഗ്ഗിക ഗുണവിശേഷമാണത്. കാര്യവിചാരകന്റെ ധാർമിക സ്വഭാവത്തിന്റെ കാതലാണത്.

ആത്മാർത്ഥതയെ പരിശീലിക്കുമ്പോൾ അതിൽ നിന്നും നല്ല കാര്യങ്ങൾ ലഭിക്കുന്നു. കള്ളത്തരത്തിൽ പിടിക്കപ്പെടുമെന്ന വ്യാധിയോ കള്ളത്തരത്തെ മൂടിവെയ്ക്കാനുള്ള ബദ്ധപ്പാടോ ആത്മാർത്ഥയുള്ളവർക്ക് ആവശ്യമില്ല. ആത്മാർത്ഥത വിലപ്പെട്ട ഒരു വ്യക്തിഗത ഗുണവിശേഷമാണ്, പ്രത്യേകിച്ചും നേരുകേടും വഞ്ചനയും ചെയ്യുവാൻ പ്രലോഭിപ്പിക്കപ്പെടുന്ന സാഹചര്യങ്ങളിൽ.

ദശാംശം കൊടുക്കുന്നതിലൂടെ പ്രകടമാകുന്ന ആത്മീക സത്യസന്ധതയെക്കുറിച്ചാണ് നാം ഈ ആഴ്ച പഠിക്കുന്നത്. കാര്യവിചാരകനും കാര്യവിചാരകത്വത്തിനും ദശാംശർപ്പണം എപ്രകാരം പ്രധാനമാണ് എന്നു നമുക്കു ചിന്തിക്കാം.

**ഞായർ ഫെബ്രുവരി 11**

**കേവലം ആത്മാർത്ഥതയുടെ ഒരു വിഷയം**

അവിശ്വസ്തതയെയും വഞ്ചനയെയും നമ്മിൽ ആരും ഇഷ്ടപ്പെടുന്നില്ല. ഈ സ്വഭാവങ്ങൾ മറ്റുള്ളവരിൽ കാണുന്നത് നാം സഹിക്കുകയുമില്ല. നമ്മിൽ അവ കാണുകയും നാം അവ പ്രവർത്തിക്കുകയും ചെയ്യുമ്പോൾ, നാം നമ്മുടെ പ്രവർത്തികളെ യുക്തി സഹമായി ന്യയീകരിക്കുകയും അവയുടെ പ്രാധാന്യത്തെ നിസ്സാരവൽക്കരിക്കുകയും ചെയ്യും. നമ്മെ വിഡ്ഢികളാക്കുവാൻ നമുക്ക് കഴിയും, എന്നാൽ ദൈവത്തെ വിഡ്ഢിയാക്കുവാൻ നമുക്ക് കഴിയുകയില്ല.

“ആത്മാർത്ഥതയില്ലായ്മയുടെ പ്രവൃത്തിയാണ് സത്യത്തിൽ വിശ്വസിക്കുന്നു എന്നഭിമാനിക്കുന്ന പലരെയും ശീതോഷ്ണരാക്കി മാറ്റുന്നത്. അവർ ക്രിസ്തുവുമായി ബന്ധമില്ലാത്തവരും സ്വയം വഞ്ചിക്കുന്നവരുമാണ്” EGW.

**വായിക്കുക:** ലൂക്കൊ. 16:10. അത്യല്പത്തിൽ വിശ്വസ്തനായിരിക്കുക എന്നാൽ എന്ത്? എന്ത് പ്രധാന തത്വങ്ങളാണ് യേശു ഇവിടെ പഠിപ്പിക്കുന്നത്?

സമ്പാദ്യങ്ങളുടെ കാര്യത്തിൽ വിശേഷിച്ചും അവിശ്വസ്തരാകുവാൻ നമുക്ക് വളരെ എളുപ്പമാണെന്ന കാര്യം ദൈവം അറിയുന്നു, അതിനാൽ സ്വാർത്ഥതയ്ക്കും അവിശ്വസ്തതയ്ക്കും ദൈവം നമുക്കൊരു മറുമരുന്ന് തന്നിരിക്കുന്നു. പ്രത്യേകിച്ചും ഭൗതിക സമ്പാദ്യങ്ങളുടെ കാര്യത്തിൽ.

**വായിക്കുക:** ലേവ്യ. 27:30 മലാഖി 3:8. ഈ വാക്യങ്ങൾ പഠിപ്പിക്കുന്നതെന്താണ്? വിശ്വസ്തരായിരിപ്പാൻ ഇവ നമ്മെ എങ്ങനെ സഹായിക്കുന്നു?

“പ്രത്യുപകാരത്തിനും മഹാമനസ്കതയ്ക്കും യാതൊരു അഭ്യർത്ഥനയും നടത്തുന്നില്ല. ഇതു കേവലം വിശ്വസ്തതയുടെ പ്രശ്നമാണ്. ദശാംശം ഒക്കെയും യഹോവയ്ക്കുള്ളത്; അവന്റെ സ്വന്തമായതിനെ അവനു തിരികെ കൊടുക്കുവാൻ അവൻ ആവശ്യപ്പെടുന്നു... വിശ്വസ്തത വ്യാപാരജീവിതത്തിന്റെ ആവശ്യ തത്വമാണെങ്കിൽ, ദൈവത്തോടുള്ള കടപ്പാടിനെ നാം അംഗീകരിക്കേണ്ടതല്ലേ?... മറ്റെല്ലാത്തിലും അന്തർഭവിച്ചിട്ടുള്ള കടപ്പാടുപോലെ EGW, Education P.138, 139.

താങ്കൾക്കുള്ളതിന്റെയെല്ലാം യഥാർത്ഥ ഉടമസ്ഥൻ ആരാണെന്നു ഓർമ്മിപ്പിക്കുവാൻ ദശാംശർപ്പണത്തിനു എങ്ങനെ സാധിക്കും? നമ്മുടെ സമ്പാദ്യങ്ങളുടെ യഥാർത്ഥ ഉടമസ്ഥനെ ഒരിക്കലും വിസ്മരിക്കാതിരിക്കേണ്ടത് എന്തുകൊണ്ട് പ്രധാനമാണ്?

**തിങ്കൾ** **ഫെബ്രുവരി 12**

**വിശ്വാസ ജീവിതം**

**വായിക്കുക:** ഉല്പ. 22:1-12. അബ്രഹാമിന്റെ വിശ്വാസത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചു ഈ കഥ എന്തു പറയുന്നു?

വിശ്വാസജീവിതം എന്നത് ഒരിക്കൽ മാത്രം സംഭവിക്കുന്ന ഒരു കാര്യമല്ല. യേശുക്രിസ്തുവിന്റെ രക്തത്താൽ മറയപ്പെട്ടവരും കൃപയിൽ ജീവിക്കുന്നവരുമായ വിശ്വസ്ത ക്രിസ്ത്യാനികളാണു നാം എന്നു തെളിയിക്കുന്നതിനായി നമ്മുടെ വിശ്വാസത്തെ നാം ശക്തമായി ഒരു തവണ പ്രകടിപ്പിക്കുകയല്ല ചെയ്യുന്നത്.

ഉദാഹരണത്തിന് ആയിരക്കണക്കിന് വർഷങ്ങൾക്കുശേഷവും വിശ്വാസലോകം അതിശയത്തോടെ കാണുന്ന ഒരു പ്രവൃത്തിയാണ് തന്റെ മകനോടൊപ്പം അബ്രഹാം മോറിയ മലയിൽ പ്രദർശിപ്പിക്കുന്ന വിശ്വാസത്തിന്റെ ക്രിയ (ഉല്പ.22). എന്നാൽ ആവശ്യം വന്ന സമയത്ത് അബ്രഹാം ഇന്ദ്രജാലത്തിലൂടെ ഉണ്ടാക്കിയെടുത്ത ഒരു കാര്യമായിരുന്നില്ല വിശ്വാസത്തിന്റെ ഈ പ്രവൃത്തി. അവനെ അത് ചെയ്യുവാൻ സഹായിച്ചത് അവന്റെ ചിരകാല വിശ്വസ്തതയും അനുസരണവുമായിരുന്നു. ഈ സംഭവത്തിന് മുൻപ് പലപ്പോഴും അവൻ അവിശ്വസ്തത കാട്ടിയിരു

ന്നെങ്കിൽ ഈ ശോധനയെ വിജയിക്കുവാൻ അവനു കഴിയുമായിരുന്നില്ല. ഇതുപോലെ ശക്തമായ വിശ്വാസമുള്ള ഒരുവൻ ഈ സംഭവത്തിനുശേഷവും അതുപോലെ വിശ്വസ്ത ജീവതം നയിച്ചു എന്നതിനു തർക്കമില്ല.

കാര്യവിചാരകന്റെ വിശ്വാസവും ജീവിതത്തിൽ ഒരിക്കൽ മാത്രം സംഭവിക്കുന്ന ഒന്നല്ല എന്നർത്ഥം. കാലക്രമേണ ഒന്നുകിൽ അത് ആഴത്തിലേക്കു വളർന്നു ശക്തി പ്രാപിക്കും അല്ലെങ്കിൽ അത് പൊള്ളയും ബലഹീനവുമായിത്തീരും. വിശ്വാസത്തെ അവകാശപ്പെടുന്നവൻ അതിനെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു അത്.

**വായിക്കുക:** എബ്രാ.12:2 വിശ്വാസത്തിന്റെ ഉറവിടം എന്ത്? വിശ്വാസം എങ്ങനെ പ്രാപിക്കാം?

വിശ്വസ്ത കാര്യവിചാരകരായ നമ്മുടെ ഏക അവലംബം, "വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക" എന്നതാണ്. "തന്റെ മുൻപിൽ വെച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു"( എബ്രാ. 12: 2). "പൂർത്തിവരുത്തുന്നവൻ" എന്ന വാക്കു ഇവിടെ മാത്രമേ പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുള്ളൂ. ''പൂർണ്ണത വരുത്തുന്നവൻ' എന്നും ഇതിനു അർത്ഥമുണ്ട്. നമ്മുടെ വിശ്വാസത്തെ അതിന്റെ പൂർണ്ണ വളർച്ചയിലേക്കും സമ്പൂർണ്ണതയിലേക്കും എത്തിക്കുന്നതിൽ യേശു ദൃഢ നിശ്ചയം ചെയ്തിരിക്കുന്നു എന്നാണിതിന്റെ അർത്ഥം (എബ്രാ. 6:1–2). ആകയാൽ വിശ്വാസവും വിശ്വാസ ജീവിതവും ചലനാത്മകമായ ഒരു അനുഭവമാണ്. അത് വളരുന്നു, പൂർണ്ണവളർച്ച എത്തുന്നു; വർദ്ധിക്കുന്നു.

നിങ്ങളുടെ വിശ്വാസം വളർന്നു പൂർണ്ണതയിലെത്തിയിട്ടുള്ളത് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ്? വളർന്നിട്ടുണ്ടോ?

**ചൊവ്വ** **ഫെബ്രുവരി 13**

**വിശ്വാസത്തിന്റെ പ്രസ്താവന**

വളരുകയും പൂർണ്ണതയിലെത്തുകയും ചെയ്യുന്ന ഒരു പ്രക്രീയയും ചലനാത്മ കമായ ഒരു അനുഭവവുമാണു വിശ്വാസം എന്നത് നാം ഇന്നലെ പഠിച്ചു. ദശാംശാർ പ്പണത്തിലൂടെ ദൈവം ഒരു രീതിയിൽ നമ്മുടെ വിശ്വാസത്തെ പൂർത്തി വരുത്തു കയും പൂർണ്ണതയിൽ എത്തിക്കുകയും ചെയ്യുന്നു. ശരിയായി മനസ്സിലാക്കുകയാണെ ങ്കിൽ ദശാംശം ദൈവത്തിനു തിരിച്ചർപ്പിക്കുക എന്നതു നിയമസിദ്ധാന്തമല്ല. ദശാംശം കൊടുക്കുന്നതിലൂടെ സ്വർഗ്ഗത്തിലെത്താനുള്ള മാർഗ്ഗം അന്വേഷിക്കുകയല്ല നാം ചെയ്യുന്നത്. ദശാംശർപ്പണം വിശ്വാസത്തിന്റെ ഒരു പ്രസ്താവനയാണ്. നമ്മുടെ വിശ്വാസത്തിന്റെ ബാഹ്യവും ദൃശ്യവും വ്യക്തിപരുവമായ പ്രകടനമാണത്.

ഒരു വിധത്തിൽ പറഞ്ഞാൽ ആർക്കും ദൈവത്തിലും യേശുവിലും വിശ്വസി ക്കുന്നു എന്ന് അവകാശപ്പെടാം. ദൈവത്തിൽ പിശാചുകളും വിശ്വസിക്കുന്നു എന്നു നമുക്കറിയാം (യാക്കോ.2:19). എന്നാൽ നിങ്ങളുടെ വരുമാനത്തിൽ നിന്നും പത്തു

ശതമാനം എടുത്തു ദൈവത്തിനു തിരികെ കൊടുക്കുക എന്നതു വിശ്വാസത്തിന്റെ പ്രകടനമാണ്.

**വായിക്കുക:** ലൂക്കൊ. 11:42.'അതു ത്യജിക്കാതിരിക്കയും വേണം' എന്നതിലൂടെ യേശു പറയുന്നതെന്ത്? ന്യായപ്രമാണത്തിലെ ഘനമേറിയ കാര്യങ്ങളോട് ദശാംശം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? ദൈവാശ്രയത്തിന്റെ ഒരു എളിയ പ്രകടനവും ക്രിസ്തു നമ്മുടെ വീണ്ടെടുപ്പുകാരനാണ് എന്നതിലുള്ള നമ്മുടെ വിശ്വാസത്തിന്റെ ഒരു ക്രിയയും ആണ് ദശാംശർപ്പണം". സകല ആത്മികാനുഗ്രഹത്താലും ക്രിസ്തുവിൽ നാം അനുഗ്രഹി"ക്കപ്പെട്ടിരിക്കുന്നു എന്നതിന്റെയും കൂടുതൽ അനുഗ്രഹിക്കപ്പെടും എന്നതിന്റെയും അംഗീകാരമാണ് അത് (എഫെ. 1:3).

**വായിക്കുക:** ഉല്പ. 28:14-22. ദൈവവാഗ്ദത്തത്തോടുള്ള യാക്കോബിന്റെ പ്രതികരണം എന്തായിരുന്നു?

"ദശാംശാർപ്പണ സംവിധാനം എന്ന ദൈവീക പദ്ധതി അതിന്റെ ലാളിത്യത്തിലും തുല്യതയിലും വളരെ മനോഹരമാണ്. അതിന്റെ ഉറവിടം ദൈവികമാകയാൽ ഏവർക്കും വിശ്വാസത്തോടെയും ധൈര്യമായും അതിൽ വേരുറപ്പിക്കാം. അതിൽ ലാളിത്യവും നന്മയും ഏകീകരിച്ചിരിക്കുന്നു; ഗ്രഹിക്കുന്നതിനും നടപ്പിലാക്കുന്നതിനും ആഴമായ പാണ്ഡിത്യത്തിന്റെ ആവശ്യമില്ല. രക്ഷയുടെ അമൂല്യ പ്രവർത്തനത്തെ മുൻപോട്ടു കൊണ്ടുപോകുന്നിൽ ഒരു പങ്കു വഹിക്കുന്നു എന്ന അനുഭവം എല്ലാവർക്കും ഉണ്ടാകുന്നു. എല്ലാ പുരുഷനും സ്ത്രീയും യൗവ്വനക്കാരനും കർത്താവിന്റെ ഖജാൻജിയാകാം; അവന്റെ ഭണ്ഡാരത്തിന്റെ ആവശ്യങ്ങളെ ഏകീഭവിപ്പിക്കുന്നതിൽ ദശാംശാർപ്പണത്തിലൂടെ നമുക്കും പ്രാതിനിധ്യം വഹിക്കാം" EGW, Counsels on Stewardship, P 73.

ദശാംശം അർപ്പിക്കുന്നതിലുള്ള യഥാർത്ഥ ആത്മിക അനുഗ്രഹങ്ങളെ താങ്കൾ ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ കണ്ടെത്തിയിട്ടുണ്ട്? ദാശംശർപ്പണം താങ്കളുടെ വിശ്വാസ വർദ്ധനയെ എങ്ങനെ സഹായിക്കുന്നു.

**ബുധൻ** **ഫെബ്രുവരി 14**

**സത്യസന്ധമായ ദശാംശം യഹോവയ്ക്കു വിശുദ്ധം**

ദൈവത്തിനു ദശാംശം കൊടുക്കുന്നതിനെക്കുറിച്ചു നാം പലപ്പോഴും സംസാരിക്കാറുണ്ട്. എന്നാൽ നേരത്തെ തന്നെ ദൈവത്തിനു സ്വന്തമായിരിക്കുന്നതിനെ നാം എങ്ങനെയാണ് അവനു കൊടുക്കുന്നത്?

വായിക്കുക: ലേവ്യ. 27:30 ദശാംശത്തെ സംബന്ധിക്കുന്ന പ്രധാനപ്പെട്ട എന്ത് രണ്ടു കാര്യങ്ങളാണ് ഇവിടെയുള്ളത്?

"ദശാംശം ദൈവത്തിന്റെ വകയാകയാൽ വിശുദ്ധമാണ്. ഒരു ശപഥത്തിലൂടെയോ സമർപ്പണ പ്രക്രീയയിലൂടെയോ അല്ല അത് വിശുദ്ധമാകുന്നത്. സ്വാഭാവികമായും വിശുദ്ധമായ ഒന്നാണത്, കാരണം, ദശാംശം ഒരു വ്യക്തിയുടെ സ്വത്തിന്റെ ഭാഗമല്ല" Stewardship Ministries Dept. 1994 P 52.

ദശാംശത്തെ വിശുദ്ധമാക്കുവാൻ നമുക്കാവില്ല. ദൈവമാണതു തന്റെ പദവിയാൽ നിർവ്വഹിക്കുന്നത്. അവനതിനു അധികാരമുണ്ട്. കാര്യവിചാരകരായ നാം അവന്റേതു അവനെ തിരികെ ഏൽപ്പിക്കുന്നു. ദശാംശം ദൈവത്തിനു സമർപ്പിക്കുന്നത് ഒരു പ്രത്യേക കൃത്യത്തിനുവേണ്ടിയാണ്. അതിനെ മറ്റു ആവശ്യങ്ങൾക്കായി പിടിച്ചുവയ്ക്കുന്നത് അവിശ്വസ്തതയാണ്. വിശുദ്ധ ദശാംശം തിരികെയേൽപ്പിക്കുന്ന രീതി ഒരിക്കലും നിർത്തുവാൻ പാടില്ല".

**വായിക്കുക:** എബ്രാ.7:2-10. അബ്രഹാം മല്ക്കീസദേക്കിനു ദശാംശം കൊടുക്കുന്നതിനെക്കുറിച്ചുള്ള പൗലൊസിന്റെ ആലോചന ദശാംശർപ്പണത്തിന്റെ ആഴമേറിയ പ്രാധാന്യത്തെ എങ്ങനെ വെളിപ്പെടുത്തുന്നു? ശരിക്കും ആർക്കായിരുന്നു അബ്രഹാം ദശാംശം കൊടുത്തത്?

ആകയാൽ, ശബ്ബത്തു വിശുദ്ധമായിരിക്കുന്നതുപോലെ ദശാംശവും വിശുദ്ധമായിരിക്കുന്നു, 'വിശുദ്ധ കാര്യത്തിനായി നീക്കിവയ്ക്കപ്പെട്ടത്' എന്നാണ് 'വിശുദ്ധം' എന്ന വാക്കിന്റെ അർത്ഥം. ശബ്ബത്തും ദശാംശവും ഇപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു. ഏഴാം ദിന ശബ്ബത്തിനെ വിശുദ്ധവും പാവനവുമായി നാം മാറ്റിവയ്ക്കുന്നു; ദശാംശം വിശുദ്ധമാകയാൽ ദൈവത്തിന്റെ പവിത്ര സ്വത്തായി നാം അതിനെയും കണക്കാക്കുന്നു.

"ദൈവം ഏഴാം ദിനത്തെ വിശുദ്ധീകരിച്ചു. ദൈവത്താൽ മാറ്റിവയ്ക്കപ്പെട്ട സമയത്തിന്റെ ആ പ്രത്യേക ഭാഗം, വിശുദ്ധ ആരാധനയ്ക്കായി, ആരംഭത്തിൽ സൃഷ്ടി കർത്താവ് ശുദ്ധീകരിച്ചു മാറ്റിയതുപോലെ തന്നെ ഇന്നും തുടർന്നു കൊണ്ടേയിരിക്കുന്നു. അതുപോലെ നമ്മുടെ വരുമാനത്തിന്റെ പത്തിൽ ഒന്ന് 'യഹോവക്കു വിശുദ്ധമാണ്'. പുതിയനിയമം, ശബ്ബത്തിന്റെ കാര്യത്തിൽ എന്നപോലെ ദശാംശത്തെക്കുറിച്ചും പുതിയതായി വീണ്ടും കല്പന ഇടുന്നില്ല, അവയുടെ സാധുത അനുമാനിക്കാവുന്നതും അവയുടെ ആഴമേറിയ ആത്മീയ അർത്ഥം വിശദീകരിക്കപ്പെടാവുന്നതുമാകുന്നു... ദൈവം തനിക്കായി നീക്കിവച്ച സമയത്തെ ഒരു ജനം എന്ന നിലയിൽ വിശ്വസ്തതയോടെ ദൈവത്തിനു കൊടുക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ അവൻ അവകാശപ്പെടുന്ന നമ്മുടെ സമ്പത്തിന്റെ ആ ഭാഗവും നമുക്കവന് കൊടുത്തുകൂടെ?" EGW.

ദശാംശം തീർച്ചയായും 'വിശുദ്ധം' ആണ് എന്ന ബോധ്യത്തെ സചേതനമായി നിലനിർത്തുവാൻ സഹായിക്കുന്നതിനായി താങ്കൾക്കെന്തു ചെയ്യുവാൻ കഴിയും?

**വ്യാഴം** **ഫെബ്രുവരി 15**

**ഉണർവ്വ്, നവീകരണം, ദശാംശർപ്പണം**

ഹിസ്കീയാവിന്റെ ദീർഘകാലത്തെ ഭരണം യെഹൂദാ ഗോത്രത്തിന്റെ ഉന്നത കാലഘട്ടം എന്നു കണക്കാക്കപ്പെടുന്നു. ദാവീദിന്റെയും ശലോമോന്റെയും വാഴ്ചയ്ക്കുശേഷം യിസ്രായേൽ ഇത്രമാത്രം ദൈവിക അനുഗ്രഹം അനുഭവിച്ച വേറൊരു കാലവുമില്ല. 2 ദിന. 29-31 അദ്ധ്യായങ്ങളിൽ ഹിസ്കീയാവു നടത്തിയ ഉണർവ്വിനെക്കുറിച്ചും നവീകരണത്തെക്കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്നു. "അവൻ യഹോവയ്ക്കു പ്രസാദമുള്ളതു ചെയ്തു" (2 ദിന. 29:2). "ഇങ്ങനെ യഹോവയുടെ ആലയ

ത്തിലെ ആരാധന യഥാസ്ഥാനത്തായി” (2 ദിന. 29:35) പെസഹാ ആചരിച്ചു (2 ദിന. 30:5). “അങ്ങനെ യെരൂശലേമിൽ മഹാസന്തോഷം ഉണ്ടായി;” (2 ദിന. 30:26). സ്തംഭ വിഗ്രഹങ്ങളെയും അശേര പ്രതിഷ്ഠകളെയും പൂജാഗിരികളെയും ബലി പീഠങ്ങളെയും തകർത്തു (2 ദിന. 31:1). ഹൃദയത്തിൽ പെട്ടെന്ന് ഉണർവ്വും പ്രവൃത്തികളിൽ നവീ കരണവും ഉണ്ടായി. തൽഫലമായി ജനം ധാരാളം വഴിപാടുകളും ദശാംശങ്ങളും കൊണ്ട് വന്നു (2 ദിന. 31:4,5,12).

**വായിക്കുക:** നെഹ. 9:2-3; നെഹ. 13. ഉണർവിന്റെയും നവീകരണത്തിന്റെയും മറ്റൊരു ഉദാഹരണം നാം നെഹമ്യയുടെ പുസ്തകത്തിൽ വായിക്കുന്നു. ഹൃദയ നവീകരണം എന്നാൽ എന്ത്? (നെഹ. 13). ദൈവത്തിന്റെ ആലയത്തെ നവീകരിച്ച ശേഷം(13:4). യെഹൂദാ ജനം അവിടേക്കു കൊണ്ടുവന്നതെന്താണ്? (13:12).

“നവീകരണവും ഉണർവ്വും രണ്ടു വ്യത്യസ്ത കാര്യങ്ങളാണ്. ഉണർവ്വ് ആത്മീയ പുതുക്കത്തെ കുറിക്കുന്നു; മനസ്സിന്റെയും ഹൃദയത്തിന്റെയും മഹൽ ശക്തികളെ ചൈതന്യ ദായകമാക്കുകയും ആത്മീയ മരണത്തിൽനിന്നും ഉയർത്തെഴുന്നേൽപ്പിക്കുകയും ചെയ്യുന്നു. നവീകരണം എന്നാൽ പുനഃസംഘടന, പുനരാവിഷ്കാരം, പരിഷ്കാരം എന്നൊക്കെയാണാർത്ഥം. ആശയങ്ങളിലും, സിദ്ധാന്തങ്ങളിലും, ആചാര ങ്ങളിലും പ്രവൃത്തികളിലുമുള്ള മാറ്റമാണത്”. EGW, Christian Service, P 42.

ഉണർവ്വ്, നവീകരണം, ദശാംശാർപ്പണം എന്നിവ തമ്മിലുള്ള ബന്ധം സ്വതവേയു ള്ളതാണ്. ദശാംശം തിരികെ കൊടുക്കാതിരിക്കുന്നടത്ത് ഉണർവും നവീകരണവും ശീതോഷ്ണമാണ്. അതിനെ ഉണർവ്വെന്നു വിളിക്കുക തന്നെ അസാധ്യം. ദൈവ ത്തിന്റെ ഭാഗത്ത് ഉത്സാഹത്തോടെ നിൽക്കേണ്ട പല സന്ദർഭങ്ങളിലും ക്രിസ്ത്യാനി കളായ നാം ഉദാസീനരായിത്തീരുന്നുണ്ട്. ഉണർവും നവീകരണവും സമർപ്പണത്തെ സൃഷ്ടിക്കുന്നു. ദശാംശാർപ്പണം ആ സമർപ്പണത്തിന്റെ ഭാഗമാണ്. ദൈവം നമ്മിൽ നിന്നും ആവശ്യപ്പെടുന്നതിനെ നാം അവനിൽനിന്നും പിടിച്ചുവച്ചാൽ നാം അവനോടു ആവശ്യപ്പെടുന്നതിൽ പ്രതികരണം പ്രതീക്ഷിക്കുവാൻ നമുക്കാവില്ല.

ഉണർവ്വും നവീകരണവും സഭയ്ക്കുള്ളിലാണ് നടക്കുന്നത്, പുറത്തല്ല (സങ്കീ. 85:6). ഉണർവ്വിനായി നാം ദൈവത്തെ അന്വേഷിക്കുകയും (സങ്കീ. 80:19). നവീകരണ ത്തിനായി ‘ആദ്യ പ്രവൃത്തി ചെയ്യുക’യും വേണം (വെളി. 2:5). നാം കൈവശം വയ്ക്കേണ്ടവയ്ക്കും തിരികെ ദൈവത്തിനു കെടുക്കേണ്ടവയ്ക്കും ഒരുപോലെ നവീ കരണം ഉണ്ടാകണം.

പ്രവൃത്തിയല്ല വ്യത്യാസം ഉണ്ടാകുന്നത്, പ്രത്യുത, സമർപ്പണത്തെയും പ്രേര ണയെയും വെളിവാക്കുന്ന മനസ്സിന്റെയും വികാരങ്ങളുടെയും തീരുമാനമാണ്. അതിന്റെ ഫലം വിശ്വാസത്തിന്റെ വർദ്ധനയും മൂർച്ചയേറിയ ആത്മീക ദർശനവും പുതുക്കം പ്രാപിച്ച വിശ്വസ്തതയുമായിരിക്കും.

**വെള്ളി** **ഫെബ്രുവരി 16**

**കൂടുതൽ ചിന്തയ്ക്ക്:** തിരുവചനത്തിൽ കാണുന്ന എല്ലാ ഉടമ്പടികളും ആരംഭി ച്ചത് ദൈവമാണ്. തന്റെ ജനത്തെ ഈ ഉടമ്പടികളിലേക്കെത്തിക്കുവാനുള്ള നേതൃത്വം

കൊടുത്തതും ദൈവമാണ് (എബ്രാ. 8:10). ഉടമ്പടി വാഗ്ദത്തങ്ങൾ അവന്റെ കൃപ, സ്നേഹം, നമ്മെ രക്ഷിക്കുവാനുള്ള ആഗ്രഹം എന്നിവയെ പ്രതിഫലിപ്പിക്കുന്നു.

ദൈവവുമായുള്ള ഉടമ്പടിയിൽ താഴെകൊടുക്കുന്ന പല കാര്യങ്ങളും ഉൾപ്പെടുന്നു: ദൈവം, ഗുണഭോക്താവ്, ഉടമ്പടിയുടെ വ്യവസ്ഥകൾ, ഇരുപക്ഷകാർക്കും വ്യവസ്ഥകളിന്മേലുള്ള പ്രതിജ്ഞാബദ്ധത, ഉടമ്പടി പാലിക്കാതിരുന്നാൽ ലഭിക്കാവുന്ന ശിക്ഷ അഥവാ നഷ്ടം, ഉടമ്പടികൊണ്ടുദ്ദേശിക്കുന്ന കാര്യങ്ങൾ. മലാഖി 3:9–10 ലുള്ള ദശാംശാർപ്പണത്തിന്റെ ആശയം ഈ ഘടകങ്ങളെ എല്ലാം ഉൾക്കൊള്ളുന്നു. ഈ വാക്യങ്ങൾ ദൈവവും തന്റെ ഗൃഹവിചാരകന്മാരും തമ്മിലുള്ള സവിശേഷ ഉടമ്പടിയായ ദശാംശാർപ്പണത്തെ ആവർത്തിക്കുന്നു. ഇപ്രകാരമുള്ള ഉടമ്പടിയിലേക്കു പ്രവേശിക്കുന്ന നാം ഭൗതിക ഭോഗ താല്പര്യങ്ങളുടെ തത്വങ്ങളെ എതിർക്കുന്നു. മാനസാന്തരം പ്രാപിച്ച നമ്മുടെ പാപ ഹൃദയത്തിൽനിന്നും ചില നന്മകൾ വരും എന്നും അതിലൂടെ തെളിയിക്കുന്നു.

“ദൈവത്തിന് അർഹതപ്പെട്ടതു കൊടുക്കാതിരിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത് അടഞ്ഞതും സ്വാർത്ഥത നിറഞ്ഞുതുമായ മനോഭാവമാണ്. ക്രിസ്തുവിന്റെ രാജ്യത്തിന്റെ പുരോഗതിക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള വിഹിതം സ്ഥിരമായി മാറ്റിവയ്ക്കുമെങ്കിൽ, ദൈവം നിങ്ങളെ ധാരാളമായി സ്ഥലം പോരാതെ വരുവോളം അനുഗ്രഹിക്കും എന്ന ഉടമ്പടി ദൈവം മനുഷ്യനുമായി ഉണ്ടാക്കി. എന്നാൽ ദൈവത്തിന്റെ വകയെ മനുഷ്യൻ പിടിച്ചുവയ്ക്കുകയാണെങ്കിൽ ‘നിങ്ങൾ ശാപഗ്രസ്തരായിരിക്കുന്നു’ എന്ന് ദൈവം വ്യക്തമായി പ്രസ്താവിക്കുന്നു.” EGW Counsels on Stewardship P 77.

ദൈവവുമായുള്ള ഉടമ്പടി ബന്ധത്തിൽ കഴിയുന്നുതിനു ചില ഉത്തരവാദിത്വങ്ങളുണ്ട്. ഉടമ്പടിയിലെ വാഗ്ദത്തങ്ങളെ നാം ആസ്വദിക്കുന്നു. എന്നാൽ മിക്കപ്പോഴും അതിലുള്ള ആജ്ഞകളെയും ഉത്തരവാദിത്വങ്ങളെയും വെറുക്കുന്നു. എന്തൊക്കെയായാലും ഈ സന്ദർഭത്തിൽ ഉടമ്പടി എന്നത് രണ്ടു വശങ്ങളുള്ള ഒരു ക്രമീകരണമാണ്. ദശാംശർപ്പണം ഉടമ്പടിക്കകത്തുള്ള നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്.

**ചർച്ച ചെയ്യുക:**

1. ദശാംശാർപ്പണം നമ്മുടെ ഭാഗത്തു എന്തുകൊണ്ടാണ് ഒരു വിശ്വാസത്തിന്റെ പ്രധാന പ്രവൃത്തിയായിരിക്കുന്നത്?

2. ദശാംശം കൊടുക്കുവാൻ പ്രാപ്തിയില്ല, എന്ന് പറയുന്നവരോടു നിങ്ങൾക്കെന്താണ് പറയുവാനുള്ളത്? ഇങ്ങനെയുള്ള വ്യക്തിയെ നിങ്ങൾ എപ്രകാരം സഹായിക്കും? വാക്കുകളല്ലാതെ ക്രിയാത്മകമായ എന്ത് വഴികളാണുള്ളത്?

3. ദശാംശം വിശുദ്ധമാണെന്നുള്ള ബോധ്യത്തെ നിലനിർത്തുവാൻ നിങ്ങൾക്കെങ്ങനെ കഴിയും എന്ന് ബുധനാഴ്ച നാം പഠിച്ചു. അതിനെക്കുറിക്കുന്ന നിങ്ങളുടെ ചില ഉത്തരങ്ങൾ എന്തെല്ലാം? വിശുദ്ധമാണ് എന്ന വസ്തുത കൊടുക്കുന്ന കാര്യത്തിൽ നിങ്ങളെ എങ്ങനെ ബാധിക്കുന്നു?